"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ, മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി അംബിക.എ.പിയ്ക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**4755/2025/GEDN** തീയതി,തിരുവനന്തപുരം, **19-07-2025**

---

പരാമർശം:-
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **07/11/2023**-ലെ ഡിജിഇ/**18740/2023**-വിബി**1** നമ്പർ കത്ത്
2. ശ്രീമതി.അംബിക.എ.പി.യ്ക്ക് സർക്കാർ നല്കിയ **29/12/2023** ലെ പൊവി.-ഡിഎ**1/301/2023**/പൊവിവ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. **01/02/2024**-ൽ ശ്രീമതി അംബിക എപി. സമർപ്പിച്ച പ്രതിവാദ പത്രിക
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **13/03/2024**-ലെ ഡിജിഇ/**18740/2023**-വിബി**1** നമ്പർ കത്ത്
5. ശ്രീമതി അംബിക എപി.യ്ക്ക് സർക്കാർ നല്കിയ **06/02/2025**-ലെ പൊവി.-ഡിഎ**1/301/2023**/പൊവിവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. **21/02/2025**-ൽ ശ്രീമതി അംബിക എപി. സമർപ്പിച്ച പ്രതിവാദപത്രിക

**<u>ഉത്തരവ്</u>**

**29/02/2020**- ന് നടന്ന എൽ.എസ്.എസ്. മത്സര പരീക്ഷയിൽ കണ്ണൂർ ജില്ലയിലെ തോലാമ്പ്ര യു.പി.എസിൽ നിന്നും പരീക്ഷയെഴുതിയ **6** വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വച്ച് ഫാൾസ് നമ്പർ ഇടുന്ന സമയത്ത് അവയിൽ ടി ഓഫീസിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ.രാജേഷ് ബാബു. പി.പി. തിരുത്തൽ വരുത്തിയെന്ന് മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി. അംബിക.എ.പി. കണ്ണൂർ വിദ്യാഭ്യാസ

ഉപഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണത്തിൽ സീനിയർ ക്ലർക്ക് ആയ ശ്രീ.രാജേഷ് ബാബു.പിപി.യുടെ കുറ്റത്തിന് പുറമേ മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി. അംബിക.എ.പി.യുടെ ഭാഗത്തുനിന്നും ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതിനാൽ ഇരുവർക്കുമെതിരെ അച്ചടക്ക നടപടി എടുക്കാൻ പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

2)ശ്രീമതി.അംബിക.എപി-ക്കെതിരെ 1960-ലെ കെ.സി.എസ്.(സി.സി.&എ) ചട്ടം 16 പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശിക്ഷാനടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു. ആയതിന് ടിയാൾ പരാമർശം (3) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിരുന്നു.

3)എന്നാൽ ടിയാൾക്കെതിരെയുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് മുൻപായി ടിയാൾ 31/05/2024-ന് സേവനത്തിൽ നിന്നും വിരമിക്കുകയുണ്ടായി. ആയതിനാൽ ടിയാൾക്കെതിരെയുള്ള നടപടികൾ കെ.എസ്.ആർ. ഭാഗം III റൂൾ 3 (എ) പ്രകാരം തുടരാൻ തീരുമാനിച്ച് ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 100 രൂപാ വീതം 2 വർഷത്തേക്ക് കുറവു ചെയ്യാൻ താത്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

4)ടി കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (6) പ്രകാരം ടിയാൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ 29/02/2020 ന് മട്ടന്നൂർ ഉപജില്ലയിൽ നടന്ന എൽ.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയുടെ 1300 ഓളം ഉത്തരക്കടലാസുകളിൽ മൂല്യ നിർണ്ണയത്തിനായി സമയബന്ധിതമായി ഫാൾസ് നമ്പർ ഇടേണ്ടതിനാലാണ് സീനിയർ ക്ലർക്ക് ശ്രീ.രാജേഷ് ബാബു.പി.പി. ഉൾപ്പെടെയുള്ള തന്റെ 3 സഹപ്രവർത്തകരെ സഹായത്തിനായി നിയോഗിച്ചതെന്നും ഇങ്ങനെ ഫാൾസ് നമ്പർ ഇടുന്നതിനായി ചുമതലപ്പെടുത്തിയവരിൽ ശ്രീരാജേഷ്ബാബു.പി.പി. തോലമ്പ്ര യുപി.സ്കൂളിൽ നിന്നും പരീക്ഷ എഴുതിയ 6 കുട്ടികളുടെ ഉത്തരക്കടലാസിൽ തിരുത്തൽ വരുത്തിയതായി മൂല്യ നിർണ്ണയ സമയത്ത് ബോധ്യപ്പെട്ടയുടനെ തന്നെ പ്രസ്തുത വിവരം രേഖാമൂലം തന്റെ മേലധികാരിയായ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും തുടർന്ന് നടന്ന അന്വേഷണങ്ങളിലെല്ലാം ആവശ്യമായ കാര്യങ്ങൾ ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും, 15 വർഷത്തിലധികം സേവനമുള്ള സീനിയർ ക്ലർക്കായ ശ്രീ.രാജേഷ് ബാബു.പി.പി യുടെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള ഒരു ക്രമക്കേട് ഒരു കാരണവശാലും

സംഭവിക്കാൻ പാടില്ലാത്തതായിരുന്നെന്നും, ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായ ഈ പ്രവൃത്തി 33 വർഷകാലത്തോളം സത്യസന്ധമായും ആത്മാർത്ഥമായും അദ്ധ്യാപിക തസ്തിക മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തികയിൽ വരെ ജോലി ചെയ്ത തനിക്ക് വളരെയധികം മാനസിക പ്രയാസവും മാനഹാനിയും ഇപ്പോൾ സാമ്പത്തിക പ്രയാസവും (പ്രൊവിഷണൽ പെൻഷൻ ഒഴികെ മറ്റ് വിരമിക്കൽ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടില്ല) ഉണ്ടാക്കിയിട്ടുള്ളതായും ശ്രീമതി.അംബിക.എ.പി. അറിയിക്കുകയുണ്ടായി.

5)ശ്രീമതി.അംബിക എപി. സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ കത്ത് പ്രകാരം 1300 ഓളം ഉത്തരക്കടലാസുകളിൽ മൂല്യ നിർണ്ണയത്തിനായി സമയബന്ധിതമായി ഫാൾസ് നമ്പർ ഇടേണ്ടതിനാലാണ് സെക്ഷൻ ചുമതലയുള്ള ക്ലാർക്കിന് പുറമേ ശ്രീ.രാജേഷ്ബാബു.പി.പി. ഉൾപ്പെടെ 3 പേരെ കൂടി ഡ്യൂട്ടി നിർവഹിക്കുന്നതിന് സഹായിക്കുവാൻ ചുമതലപ്പെടുത്തിയിരുന്നെന്നും മൂല്യനിർണ്ണയ വേളയിൽ അധ്യാപകർ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 6 ഉത്തരക്കടലാസുകളിൽ അപാകതകൾ കണ്ടെത്തുകയും ആയത് മൂല്യനിർണ്ണയം നടത്തിയ അധ്യാപകരെ കൊണ്ട് തന്നെ പരിഹരിക്കുകയും ക്രമക്കേട് ബോധ്യപ്പെട്ടയുടൻ തന്നെ മേലധികാരികളെ അറിയിക്കുകയും തുടർ അന്വേഷണത്തിൽ ശ്രീമതി.അംബിക.എ.പി സഹകരിക്കുകയും ചെയ്തിട്ടുള്ളതായി സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6)സർക്കാർ ഈ വിഷയം ശ്രീമതി.അംബിക.എ.പി. സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി. 1300 ഓളം ഉത്തരക്കടലാസുകളിൽ മൂല്യ നിർണ്ണയത്തിനായി സമയബന്ധിതമായി ഫാൾസ് നമ്പർ ഇടാൻ ടിയാൾക്കും സെക്ഷൻ ക്ലർക്കിനും ഒറ്റയ്ക്ക് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിലാണ് 15 വർഷത്തിലധികം സേവനമുള്ള സീനിയർ ക്ലർക്കായ ശ്രീ.രാജേഷ് ബാബു പിപി. ഉൾപ്പെടെയുള്ളവരെ ചുമതലപ്പെടുത്തിയതെന്ന് കാണുന്നു. ആയതിനാൽ ടി ജോലി മേലുദ്യോഗസ്ഥയെന്ന നിലയിൽ ശ്രീ.രാജേഷ് ബാബു.പി.പി.യെ ഏൽപ്പിച്ചതിൽ ശ്രീമതി അംബിക.എ.പി.യുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കാണുന്നില്ല. മാത്രമല്ല ടി പരീക്ഷ എഴുതിയ 6 കുട്ടികളുടെ ഉത്തരക്കടലാസിൽ തിരുത്തൽ വരുത്തിയതായി മൂല്യ നിർണ്ണയ സമയത്ത് ബോധ്യപ്പെട്ടയുടനെ തന്നെ പ്രസ്തുത വിവരം രേഖാമൂലം മേലധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മറ്റ് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തതിട്ടുമുണ്ട്.

7)ഈ സാഹചര്യത്തിൽ കണ്ണൂർ, മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർ ആയിരുന്ന ശ്രീമതി.അംബിക.എ.പി-യുടെ ഭാഗത്തു നിന്നും ബോധപൂർവ്വമായ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലാത്തതിനാലും, സഹപ്രവർത്തകന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച സമയബന്ധിതമായി പരിഹരിച്ചിട്ടുള്ളതിനാലും, ടിയാൾ സേവനത്തിൽ നിന്നും വിരമിച്ച വസ്തുത പരിഗണിച്ചും ടിയാൾക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 3(എ) പ്രകാരം തുടർന്നു വന്നിരുന്ന അച്ചടക്ക നടപടി ഒഴിവാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8)ഈ വിഷയത്തിൽ സഹ കുറ്റാരോപിതനായ കണ്ണൂർ, മട്ടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ ക്ലർക്കായ (നിലവിൽ ഇരിക്കൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ നൂൺമീൽ ഓഫീസർ) ശ്രീ.രാജേഷ് ബാബു പിപി.യ്ക്കെതിരായ അച്ചടക്ക നടപടി ചട്ടപ്രകാരം തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (പൊവി-ഡിഎ1/301/2023/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 21-07-2025 10:03:39
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്